# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം

# യേശു അന്ധനെ സൗഖ്യമാക്കുന്നു




എഴുതിയത്: Edward Hughes

ഉദാഹരണം : Janie Forest

അംഗീകരിച്ചത്: Rev. Benny

തർജ്ജിമ ചെയുതത്: Ruth Klassen


കഥ 50-60 നിന്നും


**www.M1914.org**

***Bible for Children,*** *PO Box 3, Winnipeg, MB R3C 2G1 Canada*



കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.

ഒരിക്കലും വിൽക്കരുത്.


മലയാളം

Malayalam

യെരീഹോവിലെ വഴിയരികെ ഇരുന്നിരുന്ന കുരുടനായ ഭിക്ഷക്കാരനായിരുന്നു ബർത്തിമായി. അതുവഴിപോകുന്ന കരുണയുള്ള ചിലയാളുകൾ അവന് നാണയത്തുട്ടുകളോ അപ്പക്കഷണങ്ങളോ കൊടുത്തിരുന്നു.





അന്ധനായിരുന്നതിനാൽ ബർത്തിമായിക്ക് ജോലിചെയ്യാൻ കഴിഞ്ഞിരുന്നില്ല. യാചിക്കുക മാത്രമാണ് അവൻ ചെയ്തത്.



ഒരു ദിവസം ആ പെരുവഴിയിൽ വളരെ തിരക്കുണ്ടായി. അനേകം കാല്പാദങ്ങളുടെ ശബ്ദം അവൻ കേട്ടു. അസാധാരണമായ എന്തോ നടക്കുകയാണ്. അതെന്താണെന്ന് പെട്ടെന്നുതന്നെ ആ കുരുടൻ മനസ്സിലാക്കി.



3

നസറേത്തുകരാനായ യേശു പട്ടണത്തിൽ വന്നിട്ടുണ്ട്. യേശുവിനെ കാണുവാൻ, കേൾക്കുവാൻ ജനങ്ങൾ ഓടിക്കൂടി.



4



യേശുവേ, ദാവീദു പുത്രാ, എന്നോടു കരുണ തോന്നേണമേ. എന്തുകൊണ്ടാണ് ബർത്തിമായി കരഞ്ഞ് വിളിച്ചത്? യേശുവിന് തന്നെ സഹായിക്കാൻ കഴിയുമെന്ന് അവൻ ചിന്തിക്കാൻ കാരണമെന്താണ്? യേശു മറ്റുള്ളവരെ സൗഖ്യമാക്കിയത് അവൻ കേട്ടിട്ടുണ്ടാകും.

5



സൗഖ്യമായവരിൽ ചിലർ ബധിരരായിരുന്നു. ‘‘ദാവീദുപുത്രാ, എന്നോടു കരുണ തോന്നേണമേ,’’ ബർത്തിമായി വീണ്ടും വീണ്ടും ഉറക്കെ വിളിച്ചു. അവന്റെ ശബ്ദത്തിൽ പ്രത്യാശയുണ്ടായിരുന്നു.

6



ഒരു കാര്യം ബർത്തിമായിക്ക് ഉറപ്പായിരുന്നു. ഇപ്പോഴവന് സഹായം ലഭിച്ചില്ലെങ്കിൽ, അതിന് പിന്നീട് ഒരിക്കലും വേറെ അവസരം ലഭിക്കുകയില്ല. തന്റെ മുന്നിലൂടെ യേശു ഇനിയൊരിക്കലും കടന്നുപോയെന്നു വരികയില്ല.

7



ബർത്തിമായിക്ക് യേശുവിന്റെയടുത്ത് ചെന്നേ മതിയാകൂ. പക്ഷേ, ജനങ്ങൾ മാറുകയില്ല. ‘‘ശ് ശ് ശ് ശ്,’’ അവർ പറഞ്ഞു. മിണ്ടാതിരിക്കുവാൻ അവർ അവനെ താക്കീതു ചെയ്തു.

8


എന്നാൽ ബർത്തിമായി നിശബ്ദനായിരുന്നില്ല. അവർ ഏറ്റവുമധികം നിലവിളിച്ചു. പെട്ടെന്ന് യേശു നിന്നു! ശബ്ദം കേട്ടു! അവനെ കൊണ്ടുവരുവിൻ എന്നു പറഞ്ഞു! “ധൈര്യപ്പെടുക,” ജനങ്ങൾ അവരോടു പറഞ്ഞു. “എഴുന്നേല്ക്കുക. അവൻ നിന്നെ വിളിക്കുന്നു.”
9


ബർത്തിമായി തന്റെ പുതപ്പ് ഇട്ടുകളഞ്ഞ് ചാടിയെണീറ്റ് യേശുവിന്റെ അടുക്കൽ വന്നു.
10


“ഞാൻ നിനക്ക് എന്തു ചെയ്തുതരേണം?” യേശു ചോദിച്ചു. താങ്കൾ എന്തു മറുപടി കൊടുക്കുമായിരുന്നു? താങ്കൾ ധാരാളം പണവും പുതിയ വസ്ത്രങ്ങളും ആവശ്യപ്പെടുമായിരുന്നോ? ബർത്തിമായിക്ക് അതാണോ ആവശ്യമായിരുന്നത്?
11


ഇല്ല, കുരുടനായ ബർത്തിമായി സ്വർണമോ നല്ല വസ്ത്രങ്ങളോ യേശുവിനോട് ചോദിച്ചില്ല. അവന് എന്താണ് വേണ്ടതെന്ന് താങ്കൾക്കറിയാം.
12


“കർത്താവേ, എനിക്ക് കാഴ്ച പ്രാപിക്കേണം.” ബർത്തിമായിക്ക് കാഴ്ച പ്രാപിക്കണമായിരുന്നു. ദൈവത്തിന്റെ മനോഹരമായ സൃഷ്ടിയെ, വൃക്ഷങ്ങളെ, പക്ഷികളെ അവനു കാണണം.
13


അവനൊരു ഭിക്ഷക്കാരനായിരിപ്പാൻ ആഗ്രഹമില്ല. കാഴ്ചയുണ്ടെങ്കിൽ ജോലിചെയ്ത് ജീവിക്കാം.
14

അപ്പോൾ യേശു ബർത്തിമായിയോട് പറഞ്ഞു: “കാഴ്ച പ്രാപിക്കുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.”



15

ഉടനെതന്നെ അവൻ കാഴ്ച പ്രാപിച്ചു, യേശുവിനെ അനുഗമിച്ചു. “ദൈവം അത്ഭുതം പ്രവർത്തിക്കുന്നവൻ! അവനെന്നെ സൗഖ്യമാക്കി” എന്നുമാത്രമേ അവന് പറയുവാൻ കഴിഞ്ഞുള്ളു.



16

ബർത്തിമായിയുടെ ജീവിതത്തിലെ അതിമനോഹരമായ ഒരു നമിഷമായിരുന്നു അത്.



17

ജനം എല്ലാം കണ്ടിട്ട് ദൈവത്തെ മഹത്വപ്പെടുത്തി. ഒരു പാവപ്പെട്ട കുരുടനായ ഭിക്ഷക്കാരന് കാഴ്ച കൊടുത്തതിലൂടെ, അവർ ഒരിക്കൽക്കൂടെ, ദൈവത്തിന്റെ പുത്രനായ യേശുവിന്റെ അത്ഭുതകരമായ ശക്തി ദർശിച്ചു.



18

യേശു അന്ധനെ സൗഖ്യമാക്കുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

മർക്കൊസ് 10, ലൂക്കൊസ് 18,
യോഹന്നാൽ 9

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

നാം തെറ്റുകരെന്നു ദൈവം അറിയുന്നു അതിന് പാപംമെന്നു പറയുന്നു. പാപത്തിനുള്ള ശിക്ഷയാണ് മരണം.

ദൈവം നമ്മെ സ്നേഹിച്ചു അതിനാൽ തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി ക്രൂശിൽ മരിക്കേണ്ടതിനു ഈ ലോകത്തിലേക്ക് വന്നു യേശു മരിച്ച് ഉയിർത്തെഴുന്നേറ്റ സ്വർഗ്ഗത്തിലേക്ക് പോയി. ദൈവത്തിനു നമ്മുടെ പാപങ്ങളെ ക്ഷമിപ്പാൻ കഴിയും.

നമ്മുടെ പാപങ്ങള്ളിൽ നിന്ന് വിടുതൽ ആവശ്യമെങ്കിൽ ദൈവത്തോട് ഇപ്രകാരം പറയുക. പ്രിയ ദൈവമേ യേശുവേ എനിക്ക് വേണ്ടി മരിച്ചു ഇപ്പോൾ ജീവിക്കുന്നു എന്ന് ഞാൻ
വിശ്വസിക്കുന്നു. എന്റെ ഹ്യദയത്തിലേക്ക് വന്ന് എന്റെ പാപങ്ങളെ ക്ഷമിക്കേണം. എനിക്ക് പുതിയൊരു ജീവിതം നൽകേണമേ നിരന്തരം നിന്നോട് അടുത്ത് ജീവിക്കുവാനും നിന്റെ മകനായി ജീവിക്കുവാൻ സഹായിക്കേണമേ. ആമേൻ
യോഹന്നാൻ 3:16

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.